"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാരുടെ 2026 വർഷത്തെ പൊതു സ്ഥലംമാറ്റ മാർഗ്ഗനിർദ്ദേശങ്ങൾ - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ്**

സ.ഉ.(സാധാ) നം.1369/2026/H&FWD തീയതി,തിരുവനന്തപുരം, 10-04-2026

---

പരാമർശം:- 1 14.03.2026 ലെ സ.ഉ (സാധാ) നം. 1097/2026/H&FWD നമ്പർ ഉത്തരവ്

2 ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 18.03.2026 ലെ ഇ.എച്ച്1/31371/2025/ആവഡ നമ്പർ കത്ത്.

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ 2026 വർഷത്തെ പൊതുസ്ഥലമാറ്റത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശം (1) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു.15.03.2026 ൽ തിരഞ്ഞെടുപ്പ കമ്മീഷൻ നിയമസഭാ തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുകയും പെരുമാറ്റ ചട്ടം നിലവിൽ വരികയും ചെയ്ത സാഹചര്യത്തിൽ പരാമർശം (1) സർക്കാർ ഉത്തരവിലെ സമയപരിധി പാലിച്ച നടപടികൾ സ്വീകരിക്കുവാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ സ്ഥലംമാറ്റം നടപ്പിലാക്കുന്നതിനു നിശ്ചയിച്ചിരിക്കുന്ന സമയ പരിധി പുന:പരിഗണിച്ച തുടർ നിർദേശങ്ങൾ നൽകണമെന്നഭ്യർത്ഥിച്ച് പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പിലെ 2026 വർഷത്തെ പൊതുസ്ഥലമാറ്റത്തിന് അപേക്ഷ സമർപ്പിക്കുന്നതും ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (1) സർക്കാർ ഉത്തരവിലെ ഖണ്ഡിക 1 -ൽ നിഷ്കർഷിച്ചിട്ടുള്ള സമയക്രമം താഴെ പറയും വിധം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | |
|---|---|
| ഓൺലൈൻ മുഖാന്തിരം അപേക്ഷ സമർപ്പിക്കേണ്ട തീയതി | 12/04/2026 മുതൽ 27/04/2026 വരെ |
| സ്ഥാപന മേധാവികൾ ജില്ലാമെഡിക്കൽ ഓഫീസർക്ക് അയക്കേണ്ട അവസാന തീയതി | 02/05/2026 |
| ജില്ലാ മെഡിക്കൽ ഓഫീസർമാർ പരിശോധന നടത്തി | 11/05/2026 |

| | |
|---|---|
| സമർപ്പിക്കേണ്ട അവസാന തീയതി | |
| കരട് പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി | 18/05/2026 |
| കരടിന്മേൽ പരാതികൾ സ്വീകരിക്കുന്ന അവസാന തീയതി | 25/05/2026 |
| അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി | 30/05/2026 |

3.പരാമർശം (1) ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഡ്രഗ്സ് കൺട്രോളർ,തിരുവനന്തപുരം
ഫുഡ് സേഫ്റ്റി കമ്മീഷണർ, തിരുവനന്തപുരം
പബ്ലിക് റിലേഷൻസ് ഡയറക്ടർ,തിരുവനന്തപുരം (പരസ്യപ്പെടുത്തുന്നതിനായി)
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
**Signed by Rashmi D**
**Date: 10-04-2026 13:49:22**
സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു.ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ആരോഗ്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എയ്ക്ക്
ആരോഗ്യ കുടുംബക്ഷേമ (സി),(ഇ),(എഫ്),(എച്ച്) വകുപ്പുകൾക്ക്